ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 24.06.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ഭീകരവാദം, സൈബർ ഭീഷണി എന്നീ വെല്ലുവിളികളെ നേരിടുന്നതിന് ശക്തമായ സഹകരണം ആവശ്യമാണെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളും ബ്രിക്സ് കൂട്ടായ്മയും.

   **National Security Advisers and the BRICS have emphasized the need for stronger cooperation to address challenges such as terrorism and cyber threats.**
2. സുരക്ഷാ സഹകരണം വർധിപ്പിക്കുന്നതിൽ ബ്രിക്സ് കൂട്ടായ്മ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says, BRICS has vital role in deepening security cooperation and addressing challenges like terrorism and cyber security.**
3. എഥനോൾ മിശ്രിത പെട്രോളുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോകൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര സർക്കാർ.

   **The government noted that certain misleading and unsubstantiated claims being circulated on social media regarding Ethanol Blended Petrol are aimed at confusing and misleading the public.**
4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 1000-ാമത് വാണിജ്യ കപ്പലിനെ ഇന്ന് സ്വാഗതം ചെയ്യും. MSC Luciana വൈകിട്ടോടെ എത്തും.

   **In Keralam, Vizhinjam International Seaport will welcome its 1,000th commercial vessel today. MSC Luciana is expected to arrive by evening.**

5. സംസ്ഥാനത്ത് 15 പേർക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. നിപാ സമ്പർക്ക പട്ടികയിൽ നിന്ന് 11 പേരെ ഒഴിവാക്കി.

**Fifteen more people have been confirmed with Shigella virus in Keralam. Eleven people have been removed from the Nipah contact list.**

6. ലോകകപ്പ് ഫുട്ബോളിൽ പോർച്ചുഗലിന്റെ വൻ തിരിച്ചുവരവ്. ഇംഗ്ലണ്ടിനെ സമനിലയിൽ തളച്ച് ഘാന.

**Portugal staged a remarkable comeback in the FIFA World Cup football. Ghana held England to a draw.**

****************************************

## BRICS- NSA MEETING(INTRO)

ഭീകരവാദം, സൈബർ ഭീഷണി തുടങ്ങിയ ആഗോള സുരക്ഷാ വെല്ലുവിളികളെ നേരിടുന്നതിന് ശക്തമായ സഹകരണം ആവശ്യമാണെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളും ബ്രിക്സ് കൂട്ടായ്മയും. ന്യൂഡൽഹിയിൽ നടന്ന 16-ാമത് ബ്രിക്സ് ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ ഉന്നതതല യോഗത്തിലാണ് പ്രഖ്യാപനം.

**വിശദാംശങ്ങളിലേക്ക് ...**

**(വോയ്സ്)**

അതിർത്തി കടന്നുള്ള സുരക്ഷാ വെല്ലുവിളികൾ വർധിച്ചുവരുന്നതാണ് ബ്രിക്സ് ഉന്നതതല യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഊർജ്ജ, ഭക്ഷ്യ സുരക്ഷ, ഭീകര പ്രവർത്തനങ്ങൾക്ക് സാങ്കേതികവിദ്യകൾ ദുരുപയോഗം ചെയ്യുക തുടങ്ങിയ വിഷയങ്ങളിൽ പ്രതിനിധികൾ അഭിപ്രായങ്ങൾ പങ്കുവച്ചു. ബ്രിക്സ് സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്, അംഗരാജ്യങ്ങളുടെ കാര്യക്ഷമത ശക്തിപ്പെടുത്തുന്നതിനും, സൈബർ അപകടസാധ്യതകളെ കൂട്ടായി നേരിടുന്നതിനും ബ്രിക്സ് നിയമ നിർവ്വഹണ ഏജൻസികൾക്കിടയിൽ ഏകോപനം നടത്തുന്നതിന് നേതാക്കൾ പിന്തുണ പ്രഖ്യാപിച്ചു. ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷ സ്ഥാനത്തിന് പൂർണ്ണ പിന്തുണ

അറിയിച്ച രാഷ്ട്രനേതാക്കൾ, പ്രധാനമന്ത്രി നരേന്ദ്രമോദി യുമായി കൂടിക്കാഴ്ച നടത്തി.

**ന്യൂസ് ഡെസ്ക് ആകാശവാണി........**

***********************************

## PM – BRICS

സുരക്ഷ സഹകരണം വർധിപ്പിക്കുന്നതിലും വെല്ലുവിളികൾ നേരിടുന്നതിലും ബ്രിക്സ് കൂട്ടായ്മ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ബ്രിക്സ് അംഗരാജ്യങ്ങളിലെ സുരക്ഷാ ഉപദേഷ്ടാക്കൾ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഭീകരതയെ ചെറുക്കാനും സൈബർ സുരക്ഷയ്ക്ക് നേരെയുള്ള വെല്ലുവിളികൾ നേരിടുന്നതിലും ബ്രിക്സ് അംഗ രാജ്യങ്ങളുടെ പങ്കാളിത്തം ഏറെ വലുതാണെന്നുംപ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ അറിയിച്ചു. ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷസ്ഥാനം സഹകരണം മുന്നോട്ട് കൊണ്ടുപോകാനും ഗ്ലോബൽ സൗത്തിന്റെ മുൻഗണനകൾക്ക് പിന്തുണ നൽകാനും ലക്ഷ്യമിടുന്നതായും അദ്ദേഹം വ്യക്തമാക്കി.

***********************************

## MEA BRIEFING – POK

പാക് അധീന കശ്മീരിലെ അശാന്തിക്ക് കാരണം ഇന്ത്യയാണെന്ന പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ മുഹമ്മദ് ആസിഫിന്റെ ആരോപണം തള്ളി ഇന്ത്യ. സ്വന്തം പരാജയങ്ങൾ മറച്ചുവെക്കാനും മനുഷ്യാവകാശ ലംഘനങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനുമുള്ള പാകിസ്ഥാന്റെ ശ്രമമാണിതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. പാകിസ്ഥാന്റെ അടിസ്ഥാനരഹിതമായ ആരോപണങ്ങളെ തള്ളിക്കളയുന്നതായി അദ്ദേഹം പറഞ്ഞു.

***********************************

## ETHANOL – FAKE NEWS

എഥനോൾ മിശ്രിത പെട്രോളുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ

പ്രചരിക്കുന്ന വീഡിയോകൾ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര സർക്കാർ. എഥനോൾ മിശ്രിത ഇന്ധനത്തെക്കുറിച്ച് അനാവശ്യമായ ആശങ്കകൾ സൃഷ്ടിക്കുന്നതിനുമുള്ള ശ്രമത്തിൻ്റെ ഭാഗമായി പഴയ ചിത്രങ്ങളും വീഡിയോകളും വീണ്ടും പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു. എഥനോൾ മിശ്രിത പെട്രോൾ സംരംഭം ശാസ്ത്രീയമായി സാക്ഷ്യപ്പെടുത്തിയതാണെന്നും സർക്കാർ ഇത് തുടർച്ചയായി നിരീക്ഷിച്ചുവരികയാണെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം വ്യക്തമാക്കി.

*************************************

## AMITH SHA-NAFED (INTRO)

താങ്ങുവിലയുടെ ആനുകൂല്യം കർഷകരിൽ നേരിട്ടെത്തുന്നതിന് ഇടനിലക്കാരെ ഒഴിവാക്കണമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നാഫെഡിന്റെ ലേല പോർട്ടൽ nafed.in ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.
(വോയിസ്)

*************************************

## PM - QATAR AMIR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഖത്തർ അമീർ ഷെയ്ഖ് തമിം ബിൻ ഹമദ് അൽ - താനിയുമായി ടെലഫോൺ സംഭാഷണം നടത്തി. ഖത്തറിലെ വ്യവസായ മേഖലയിൽ ഉണ്ടായ അപകടത്തിൽ ഇന്ത്യക്കാർ മരിച്ചതിൽ ഖത്തർ അമിർ ദുഖം രേഖപ്പെടുത്തി. പരിക്കേറ്റവർക്ക് നൽകുന്ന വൈദ്യസഹായത്തിന് ശ്രീ നരേന്ദ്ര മോദി നന്ദി അറിയിച്ചു.

*************************************

## IMO- EVACUATION PLAN- HORMUZ

പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് ഹോർമുസ് കടലിടുക്കിൽ കുടുങ്ങിയ 11,000 -ത്തിലധികം കപ്പൽ ജീവനക്കാരെ സുരക്ഷിതമായി ഒഴിപ്പിക്കാൻ അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ പദ്ധതി പ്രഖ്യാപിച്ചു. അമേരിക്കയും ഇറാനും തമ്മിൽ ഒപ്പുവച്ച

ധാരണാപത്രത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി. അതിനിടെ, ഹോർമുസിലൂടെയുള്ള വാണിജ്യ കപ്പലുകളുടെ ഗതാഗതം പൂർണ്ണമായും പുനഃസ്ഥാപിച്ചതായി യുഎന്നിലെ ഇറാൻറെ സ്ഥിരം പ്രതിനിധി അറിയിച്ചു. നിലവിലെ സാഹചര്യങ്ങൾ അടുത്ത 60 ദിവസത്തിന് ശേഷം പുനപരിശോധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

***********************************

## US-RUBIO-GULF

പശ്ചിമേഷ്യയിൽ ശാശ്വത സമാധാനം ഉറപ്പാക്കാൻ ഇറാൻ അനുകൂല സായുധ ഗ്രൂപ്പുകളുടെ ആക്രമണങ്ങൾ അവസാനിക്കണമെന്ന് അമേരിക്ക. ലെബനനിലെ വെടിനിർത്തൽ ചർച്ചകളും ഇറാനുമായുള്ള മറ്റ് ചർച്ചകളും വ്യത്യസ്തമാണെന്ന് പേർഷ്യൻ ഗൾഫ് സന്ദർശനത്തിന്റെ ഭാഗമായി അബുദബിയിലെത്തിയ യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ലബനീസ് പ്രസിഡന്റ് ജോസഫ് ഔനുമായി ചർച്ച നടത്തിയതായും യുഎസ് ഉദ്യോഗസ്ഥർ നിലവിൽ ലെബനനിൽ സമാധാന ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

***********************************

## VIZHIJAM - SHIP

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 1000-ാമത് വാണിജ്യ കപ്പലിനെ ഇന്ന് സ്വാഗതം ചെയ്യും. മദർഷിപ്പ് MSC Luciana ഇന്ന് വൈകിട്ടോടെ തുറമുഖത്ത് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നതായി അധികൃതർ അറിയിച്ചു. രണ്ട് വർഷത്തിനുള്ളിൽ 1000 കപ്പലുകൾ കൈകാര്യം ചെയ്യുന്ന ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം ഇതിലൂടെ മാറും. തുറമുഖത്തിൽ ആദ്യ വാണിജ്യ കപ്പലായ San Fernando 2024 ജൂലൈ 11-നാണ് എത്തിയത്.

***********************************

## SHIGELLA – KERALA

സംസ്ഥാനത്ത് 15 ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. അഞ്ച് ജില്ലകളിലാണ് രോഗബാധ. ഈ മാസം 165 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേസമയം, നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ 11 പേരെ നിരീക്ഷണത്തിൽ നിന്നു ഒഴിവാക്കി. നിരീക്ഷണ വേളയിൽ രോഗലക്ഷണങ്ങൾ ഉണ്ടാകാത്തതിനെതുടർന്നാണിത്.

*************************************

## FOOTBALL (INTRO)

ലോകകപ്പ് ഫുട്ബോളിൽ ഉജ്വല പ്രകടനത്തിലൂടെ പോർച്ചുഗലിന്റെ വൻ തിരിച്ചുവരവ്. നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോ ഇരട്ടഗോളുമായി മുന്നിൽ നിന്ന് നയിച്ചപ്പോൾ, ഉസ്ബെക്കിസ്ഥാനെതിരെ പോർച്ചുഗൽ നേടിയത് എതിരില്ലാത്ത അഞ്ചുഗോളുകൾ. ആറു ലോകകപ്പുകളിൽ ഗോൾനേടുന്ന ആദ്യ താരമെന്ന അത്യപൂർവ ചരിത്രമെഴുതിയ റൊണാൾഡോ, ലോകകപ്പിൽ സ്കോർചെയ്യുന്ന പ്രായംകൂടിയ രണ്ടാമത്തെ താരമെന്ന റെക്കോർഡു നാൽപത്തിയൊന്നാം വയസ്സിൽ സ്വന്തമാക്കി.

**ഒരു റിപ്പോർട്ട്..........**

**(വോയ്സ്)**

കോംഗോക്കെതിരെ സമനില വഴങ്ങിയ പോർച്ചുഗലിനെയും റൊണാൾഡോയെയും ആയിരുന്നില്ല ഇന്നലെ ഹൂസ്റ്റണിൽ ഉസ്ബെക്കിസ്ഥാനെതിരെ കണ്ടത്. ഫുട്ബോൾ ലോകത്തെ ത്രസിപ്പിച്ച പോരാട്ടത്തിലൂടെ പോർച്ചുഗൽ ശക്തമായ തിരിച്ചുവരവ് പ്രഖ്യാപിച്ചു. ആദ്യ മത്സരത്തിലെ പ്രകടനത്തിന്റെ പേരിലുയർന്ന, എല്ലാ വിമർശനങ്ങൾക്കും സിആർ സെവനും സംഘവും മൈതാനത്ത് മറുപടി നൽകി. റൊണാൾഡോ എന്ന ഇതിഹാസത്തിന്റെ അനുഭവസമ്പത്തും യുവതാരങ്ങളുടെ അസാമാന്യ വീര്യവും ഒത്തുചേർന്നപ്പോൾ പറങ്കിപ്പട അജയ്യ ശക്തിയായി മാറുന്ന കാഴ്ചയ്ക്കാണ് ലോകം സാക്ഷിയായത്. തുടക്കം മുതൽ ആക്രമിച്ചു കളിച്ച

പോർച്ചുഗൽ എതിരാളികളെ അക്ഷരാർത്ഥത്തിൽ നിഷ്പ്രഭരാക്കി. മധ്യനിരയിൽ കളി നിയന്ത്രിച്ച ബ്രൂണോ ഫെർണാണ്ടസിന്റെ കൃത്യതയാർന്ന പാസുകൾ ബോക്സിലേക്ക് എത്തിയപ്പോൾ ക്രിസ്റ്റ്യാനോ എതിർഗോൾ മുഖത്ത് തീ കോരിയിട്ടു. പതറാതെ കാവൽനിന്ന റൂബൻ ഡയസിന്റെ പ്രതിരോധനിര ഉസ്ബെക്കിസ്ഥാൻ ഇടയ്ക്കിടെ നടത്തിയ കൗണ്ടർ അറ്റാക്കുകളെ നിഷ്പ്രഭമാക്കി. രണ്ടാം പകുതിയിൽ കൂട്ടപ്പൊരിച്ചിലിൽ പിറന്ന സെൽഫ് ഗോളും, അവസാനമിനിഷം റാഫേൽ ലിയാവോയും ലീഡുയർത്തി. ഈ വിജയത്തോടെ പോർച്ചുഗൽ നോക്കൗട്ട് റൗണ്ടിലേക്കുള്ള സാധ്യത സജീവമാക്കി.

**ന്യൂസ് ഡെസ്ക്, ആകാശവാണി........**

*************************************

## FIFA WORLD CUP

ലോകകപ്പ് ഗ്രൂപ്പ് എല്ലിലെ മുൻനിരക്കാരായ ഇംഗ്ലണ്ടിനെ ആഫ്രിക്കൻ ശക്തിയായ ഘാന ഗോൾരഹിത സമനിലയിൽ തളച്ചു. പാനമയെ ഏതിരില്ലാത്ത ഒറ്റ ഗോളിന് ക്രൊയേഷ്യ പരാജയപ്പെടുത്തി. ഗ്രൂപ്പ് കെയിൽ ഇപ്പോൾ കൊളംബിയ കോംഗോയെ നേരിടുകയാണ്.

*************************************

## VANDE MATHARAM CAMP

കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയത്തിലെ യുവജനകാര്യ വകുപ്പിന്റെ വന്ദേമാതരം ക്യാമ്പുകൾക്ക് ഇന്ന് തുടക്കമാകും. 'മൈ ഭാരത് പ്ലാറ്റ്ഫോം വഴി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ക്യാബുകൾ ബങ്കിം ചന്ദ്ര ചാറ്റർജിയുടെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് സംഘടിപ്പിക്കുന്നത്. ഈ മാസം 30 വരെ കൊൽക്കത്തയിലാണ് ആദ്യ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ദേശീയോദ്ഗ്രഥനം, ഭരണഘടനാ മൂല്യങ്ങൾ, യുവനേതൃത്വം എന്നിവ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.തിരഞ്ഞെടുത്ത ജില്ലകളിലായി 20 ക്യാമ്പുകൾ ഉൾപ്പെടുന്നതാണ് ഈ സംരംഭം, ഓരോന്നിലും 15 മുതൽ 29 വയസ്സ് വരെ പ്രായമുള്ള 150 യുവാക്കൾ പങ്കെടുക്കും.

*************************************

## SITHARAMAN– GROWTH SUMMIT

കരുത്തുറ്റ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും സുസ്ഥിര വികസനം ത്വരിതപ്പെടുത്തുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കുന്നതിനും കൂടുതൽ ശക്തമായ ബഹുമുഖ സഹകരണം ആവശ്യമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ന്യൂഡൽഹിയിൽ ആഗോള വളർച്ചാ ഉച്ചകോടിയെ വെർച്വൽ ആയി അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. പരസ്പരബന്ധിതമായ ലോകത്ത് അഭിവൃദ്ധിയും വെല്ലുവിളികളും പങ്കിടുമ്പോൾ സംഘർഷങ്ങളുടെയും അനിശ്ചിതത്വത്തിന്റെയും അനന്തരഫലങ്ങൾ വികസ്വര രാജ്യങ്ങളിലും ഉണ്ടാകുന്നതായും മന്ത്രി പറഞ്ഞു.

*************************************

## REV. TN-GOLD RING FOR NEWBORNS

തമിഴ്നാട്ടിൽ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഒരു ഗ്രാം സ്വർണ്ണ മോതിരം സമ്മാനമായി നൽകുമെന്ന് സർക്കാർ. മുഖ്യമന്ത്രി വിജയ് യുടെ "വെട്രി തമിഴകം" പാർട്ടി പദ്ധതി പ്രകാരമാണ് തമിഴ്നാട്ടിൽ സ്ഥിരതാമസമുള്ള കുടുംബങ്ങളിലെ നവജാതശിശുക്കൾക്ക് സ്വർണ്ണമോതിരം സമ്മാനമായി നൽകുന്നത്.

*

**************

**************************************************